**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2986

28.01.2014-ൽ
മറുപടിയ്ക്ക്

## റവന്യൂ ദിനം

| ചോദ്യം<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.അൻവർ സാദത്ത് | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
|---|---|
| എ) സംസ്ഥാനത്ത് റവന്യൂ ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 24-ാം തിയതി റവന്യൂ ദിനമായി ആചരിക്കാൻ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ 2013 ഫെബ്രുവരി 24 റവന്യൂ ദിനമായി ആഘോഷിക്കുകയുണ്ടായി. |
| ബി) പ്രസ്തുത ആഘോഷങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | ബി) റവന്യൂ ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ, മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകുകയുണ്ടായി. കൂടാതെ ഏറ്റവും സ്തുത്യാർഹവും പ്രശംസനീയവുമായ സേവനം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും പുരസ്കാരം നൽകി. സർവ്വെ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകുകയുണ്ടായി |
| സി) റവന്യൂ വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;<br><br>ഡി) എന്തെല്ലാം തുടർ നടപടിയാണ് ഇതിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) & ഡി) റവന്യൂ ദിനാചരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ എല്ലാതലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകി വരുന്നുണ്ട്. ഇത് ജീവനക്കാരെ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പ്രേരിതമാക്കുന്നു. അത് മൂലം പൊതുജനങ്ങൾക്ക് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ